# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/1774/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 18/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/1774/2021 തീയ്യതി: 18/07/2022

## കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2019 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജി സജികുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.അരുൺകുമാർ എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റജീന എ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എം.റാഫി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ഭരണ നിർവഹണ സമിതി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി. വിനീത വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ജോയ് മോഹൻ | സെക്രട്ടറി | 01-04-2020 | 11-06-2020 |
| ശ്രീ.നൗഷാദ് എ | സെക്രട്ടറി | 12-06-2020 | 12-08-2020 |
| ശ്രീ.പ്രഭാകരൻപിള്ള | സെക്രട്ടറി | 13-08-2020 | 20-03-2021 |
| ശ്രീ.പ്രവീൺ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രവീൺ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.രാജലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-02-2021 |
| ശ്രീമതി.അമ്പിളി കെ എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-03-2021 | 31-03-2021 |
| ശ്രീമതി.ഷൈല പി ജെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 18-06-2020 |
| ശ്രീമതി.ബിന്ദു.പി | ഹെഡ് മിസ്ട്രസ് | 19-06-2020 | 06-07-2020 |
| ശ്രീ.നജ്മുദ്ദീൻ | ഹെഡ് മാസ്റ്റർ | 07-07-2020 | 31-03-2021 |
| ശ്രീ.നസീം എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശശി കെ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഞ്ജു.പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഞ്ജന | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.മനോജ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.റിയാസ്.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 02-03-2021 |
| ശ്രീ.അജീഷ് കുമാർ ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-03-2021 | 31-03-2021 |
| ശ്രീ.ഷമീർ എ എച്ച് | എം ജി എൻ ആർ ജി എസ് അക്രഡിറ്റഡ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor, On 07-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Rajan.V.D (Senior Grade Auditor, On 07-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Rajan.V.D (Senior Grade Auditor, On 11-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajan.V.D (Senior Grade Auditor, On 11-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - പൊരുത്തക്കേടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 11-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-4.1 |
| 7 | പദ്ധതി അവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 19-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun Kumar A (Asst. Audit Officer, On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Rajan.V.D (Senior Grade Auditor, On 11-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-7 |
| 10 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 08-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-7.1 |
| 11 | പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 08-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-7.2 |
| 12 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 19-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-10 |
| 15 | പാലിയേറ്റീവ് കെയർ പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 18-12-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-11 |

| | | |
|---|---|---|
| 16 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല - 1,98,742/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 21-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-12 |
| 17 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 18-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-13 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 19-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-14 |
| 19 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 18-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-15 |
| 20 | വാടക ഈടാക്കിയിട്ടില്ല<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-16 |
| 21 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-17 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-18 |
| 23 | BSNL മൊബൈൽ ടവറിൽ നിന്ന് കെട്ടിട നികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-19 |
| 24 | ബെയിലിംഗ് യൂണിറ്റ്(121/21), വാങ്ങിയ ഉപകരണം സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടില്ല, 5,01,001/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-20 |
| 25 | ബയോ ഗ്യാസ് പ്ലാന്റ് നവീകരണം (129/21), 50% തുക മുൻകൂറായി കൈപ്പറ്റിയിട്ടും, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - 3,25,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-21 |
| 26 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 9,307/-രൂപാ സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തണം<br>Written By: G.Sajikumar (Audit Officer (HG), On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-22 |
| 27 | മരാമത്ത് പ്രവൃത്തികളിൽ 13,137/- രൂപ അധികം പിൻവലിച്ചു<br>Written By: G.Sajikumar (Audit Officer (HG), On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-23 |
| 28 | റീടെൻഷൻ ഇനത്തിൽ ഭാഗികബില്ലുകളിൽ നിന്നും കുറവ് വരുത്തി തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ കരാറുകാർക്ക് തിരികെ നൽകുന്നില്ല<br>Written By: G.Sajikumar (Audit Officer (HG), On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-24 |
| 29 | മാനുവൽ രസീത് പ്രകാരം കെട്ടിട നികുതിയിനത്തിൽ പിരിച്ചെടുത്ത തുക | 1-25 |

| | | |
|---|---|---|
| | സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല<br>Written By: Rajina A.S (Auditor, On 21-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | |
| 30 | മാനുവൽ രസീത് പരിശോധന - സഞ്ചയ പോസ്റ്റിംഗിൽ ആവർത്തനം, വരവിനത്തിൽ നഷ്ടം<br>Written By: Rajina A.S (Auditor, On 21-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-26 |
| 31 | ഇൻവേഡ് രസീതുകളുടെ സ്റ്റോക്കിൽ കുറവ്.<br>Written By: Rajina A.S (Auditor, On 21-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-27 |
| 32 | തെരുവ് വിളക്കിന്റെ ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ മൂലം 1,62,428/-രൂപാ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 21-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-28 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക - 1,36,127.6 രൂപ<br>Written By: G.Sajikumar (Audit Officer (HG), On 21-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-29 |
| | **ഭാഗം 2** | |
| 1 | മാനുവൽ രസീത് പരിശോധന - സഞ്ചയ പോസ്റ്റിംഗിൽ ആവർത്തനം, വരവിനത്തിൽ നഷ്ടം<br>Written By: Rajina A.S (Auditor, On 21-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Rajina A.S (Auditor, On 16-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Rajina A.S (Auditor, On 16-12-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27/03/20 തീയതിയിലെ 1 ( 1 ) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 23.6.2021 | - | - |

### 1-2.1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. വസ്തുനികുതി - അരിയർ, ഡിമാൻഡ്, കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. ബി 11 Depreciation On Fixed Deposits കണക്കാക്കിയതിന്റെ ആധികാരികത ഉറപ്പാക്കാനായുള്ള രേഖകൾ ലഭ്യമാക്കിയില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്ത നിലയിൽ ആസ്തി ആർജ്ജിക്കൽ സംബന്ധിച്ച കൃത്യത ഉറപ്പാക്കാനായിട്ടില്ല.
4. TPA - RP 40(b) പ്രകാരം 6,162/-രൂപ നീക്കിയിരുപ്പുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലും ഇതേ നീക്കിയിരുപ്പ് തുക ട്രാൻസാക്ഷനില്ലാതെ നിലനിർത്തിയിരിക്കുന്നു. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5. KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 24,288/-രൂപയുടെ ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 73,46,834/-രൂപ |
| വരവ് | 7,75,61,871/-രൂപ |
| ആകെ | 8,49,08,705/-രൂപ |
| ചെലവ് | 6,51,75,127/-രൂപ |
| നീക്കിയിരിപ്പ് | 1,97,33,578 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,407/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,01,171/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) | കൃ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | - | 97,39,125/- | 97,39,125/- | 96,73,521/- | 65,604/- | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | - | 52,76,552/- | 52,76,552/- | 51,90,079/- | 86,473/- | |
| മെയിന്റനൻസ്, റോഡ് | - | 1,60,62,000/- | 1,60,62,000/- | 1,60,56,673/- | 5,327/- | |
| മെയിന്റനൻസ്, നോൺ-റോഡ് | - | 34,92,000/- | 34,92,000/- | 27,40,681/- | 7,51,319/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied | - | 1,01,95,548/- | 1,01,95,548/- | 60,58,197/- | 41,37,351/- | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 6,582/- | 8,56,848/- | 8,63,430/- | 8,54,685/- | 8,745/- | |
| ICDS | 13,37,408/- | 5,93,781/- | 19,31,189/- | 7,49,175/- | 11,82,014/- | |
| TSC | 21,92,807/- | 2,50,000/- | 2,44,42,807/- | 1,20,000/- | 23,22,807/- | |
| ശുചിത്വ മിഷൻ | 15,556/- | 9,15,143/- | 9,30,699/- | 0 | 9,30,699/- | |
| ലൈഫ് (സ്റ്റേറ്റ് ഷെയർ) | 0 | 30,00,000/- | 30,00,000/- | 6,00,000/- | 24,00,000/- | |

### 1-4.1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - പൊരുത്തക്കേടുകൾ

1. ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (ജനറൽ, SCP) എന്നിവയിലെ ചെലവ് ACR പ്രകാരമുള്ള ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.
2. MGNREGS, TSC, ICDS ഇനങ്ങളിലെ വരവ്-ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 8,16,43,410/- | 147 | 5,05,75,019/- | 2 | 33 | 80 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,582/- | 8,56,848/- | 8,63,430/- | 8,54,685/- | 8,745/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 4,07,85,192/- | 4,07,85,192/- | 4,07,85,192/- | - |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 96,960/- | 137 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 20,43,700/- | 132 |
| വിധവാപെൻഷൻ | 1,34,80,700/- | 918 |
| വാർദ്ധക്യകാലപെൻഷൻ | 2,15,32,800/- | 1534 |
| വികലാംഗപെൻഷൻ | 37,03,000/- | 253 |
| 50 വയസ്സകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 48,900/- | 3 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,90,000/- | 13 |

1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി ഗ്രാമപഞ്ചായത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാരണത്താൽ സേവന സോഫ്റ്റ് വെയറിൽ പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിൽ കാലവിളംബമുണ്ടാകുന്ന സ്ഥിതിയുണ്ട്. ഇതിനാൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്ത നിലയിൽ സഹായധനം ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.
ഓഡിറ്റ് അന്വേഷണം – 01/2021/08.12.2021 .

1-7.2 പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല – സർക്കാരിന് അധികബാധ്യത

നിലമേൽ ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ ഡി | കൈപ്പറ്റുന്ന പെൻഷൻ ഇനം | അനർഹമായി കൈപ്പറ്റിയ തുക (₹) അനർഹമായ കാലയളവ് |
|---|---|---|---|---|
| 1 | ജലാല്ലുദ്ദീൻ, പാറവിളവീട് മരോട്ടിപൊയ്ക കൈതോട്, നിലമേൽ | 103710400181 | വാർദ്ധക്യകാല പെൻഷൻ | 58,400/- (2/15-04/19) |
| 2 | കമലാക്ഷി, കരിക്കത്തിൽ ചരുവിളപുത്തൻവീട് നിലമേൽ | 103710201092 | വാർദ്ധക്യകാല പെൻഷൻ | 50,200/- (08/15-09/19) |
| 3 | ചന്ദ്രശേഖരൻ നായർ ശാന്താസദനം പാണംകോണം, നിലമേൽ | 103710200410 | വാർദ്ധക്യകാല പെൻഷൻ | 72,700/- (08/11-03/15) |
| 4 | അബ്ദുൾകലാം മുബാറക് മൻസിൽ ബംഗ്ളാംകുന്ന്, നിലമേൽ | 103710201004 | വാർദ്ധക്യകാല പെൻഷൻ | 54,600/- (01/14-03/15) |

ഓഡിറ്റ് അന്വേഷണം -1/2021:08.12.2021 .

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-12-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,468/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

*ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

*ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

*അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

*വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കു വരുത്തുന്നുണ്ട്.

*തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ (സർക്കുലർ നം. 58725/എഫ്.എം.3 /18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ രണ്ട് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.

*സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

*സഞ്ചയ രേഖപ്പെടുത്തലുകൾ കൃത്യമായും ദൈനംദിന പരിശോധനകൾക്ക് വിധേയമാകേണ്ടതുണ്ട്. വരവ് തുകയുടെ പോസ്റ്റിംഗിൽ (OUT DOOR COLLECTION) ഇരട്ടിപ്പ് ഉണ്ടായ സാഹചര്യം ഉണ്ട്. വിശദാംശങ്ങൾ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.
*ഡി.&ഒ. ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി/ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വാർഡ് തല രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിക്കുന്നില്ല.
*ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
*സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2021-27.10.2021 | 2020-2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018-09.11.2018 | 2017-18 | 06.12.2018 |

1-11 പാലിയേറ്റീവ് കെയർ പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ഫണ്ടിനം. | അടങ്കൽ തുക (₹) | ചെലവ് തുക (₹) | KMSCL ന് നൽകിയ തുക, ബിൽ നം, തീയതി | ലഭിക്കുവാനുള്ള മരുന്നിന്റെ വില (₹) |
|---|---|---|---|---|---|
| 1. | പാലിയേറ്റീവ് കെയർ (നം.124/20-21), (വികസന ഫണ്ട് ജനറൽ) | 7,15,000/- | 7,14,847/- | 3,09,000/- 5/20-21 /12.01.2021 | 48,641/- |
| | | | | ആകെ | 48,641/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 7/2021, -12-2021 .

1-12 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല - 1,98,742/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് – സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (03/21).

അടങ്കൽ തുക -2,00,000/-രൂപ (ധനകാര്യ കമ്മീഷൻ).

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

| ക്രമ നം. | തുക സ്വീകരിച്ച സ്ഥാപനം | തുക (₹) | ബിൽ നം. |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി. കടയ്ക്കൽ | 24,288/- | 14/20-08-20 |
| 2 | കെ.എസ്.ഇ.ബി. ചടയമംഗലം | 1,74,454/- | 29/25-02-21 |
| | ആകെ | 1,98,742/- | |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 1,98,742/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 1,98,742/-രൂപ .

ഓഡിറ്റ് അന്വേഷണം – 19 തീ. 18-12-2021 .

1-13 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ.

പ്രോജക്റ്റ് നം. – 152/21 (കന്നുകുട്ടി പരിപാലനം സ്പിൽ ഓവർ).

അടങ്കൽ - 7,01,500/-രൂപ

(2,51,500/-രൂപ-വികസന ഫണ്ട് ജനറൽ,
4,50,000/-രൂപ-ഗുണഭോക്തൃ വിഹിതം നേരിട്ട് ചിലവഴിക്കുന്നത്).

ചെലവ് -2,51,500/-രൂപ, വികസന ഫണ്ട് ജനറൽ.
ട്രഷറി ബിൽ നം. - 1, തീയതി -22.4.20.

പ്രോജക്റ്റ് നം. – 20/21 (കന്നുകുട്ടി പരിപാലനം).

അടങ്കൽ - 3,25,000/-രൂപ

(82,981/-രൂപ – വികസന ഫണ്ട് ജനറൽ,
79,519-രൂപ – തനത് ഫണ്ട്,
1,62,500/-രൂപ - ഗുണഭോക്തൃ വിഹിതം നേരിട്ട് ചിലവഴിക്കുന്നത്).

ചെലവ് -82,981/-രൂപ, വികസന ഫണ്ട് ജനറൽ
ട്രഷറി ബിൽ നം. - 18, തീയതി -8-3-21.

ചെക്ക് നം. 1030864/22-2-21 തുക-79,519/-രൂപ.

നിലമേൽ ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകരായ ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് സബ്സിഡി പരിധി തീരുന്നതു വരെ കാലിത്തീറ്റ നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനായി വെറ്ററിനറി സർജൻ പ്രസ്തുത പ്രോജക്റ്റുകളിലായി ആകെ 4,14,000/-രൂപ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കൊല്ലം -ന്റെ 703011400000036 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക്, ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

കൂടാതെ പ്രോജക്റ്റ് നം. 152/21 ൽ ഉൾപ്പെടുത്തി 6,250/-രൂപ നിരക്കിൽ 40 യൂണിറ്റിന് 2,50,000/-രൂപ ചെലവഴിക്കേണ്ടതിനു പകരം 2,51,500/-രൂപ ഉപയോഗിച്ചതിനാൽ അധികമായി ചെലവഴിച്ച 1,500/-രൂപ തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

തടസപ്പടുത്തുന്ന തുക - 4,14,000/-രൂപ .

ഓഡിറ്റ് അന്വേഷണം നം. - 10/15.12.2021 .

1-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം. 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതാലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. , റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി. (2%) |
|---|---|---|
| 1 | വലിയവഴി വാർഡ് – കല്ലുമല റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297394<br>കോൺട്രാക്ടർ –കെ. എസ്. നിസാറുദീൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-₹3,24,066/- | 6,482/-രൂപ |
| 2 | എനിക്കുന്നാം മുഗൾ വാർഡ്<br>മുക്കതടം തോട്ട് വള്ളി റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297392<br>കോൺട്രാക്ടർ – കെ. എസ്. നിസാറുദീൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,33,402/- | 6,669/-രൂപ |
| 3 | ചേറാട്ടുകുഴി വാർഡ് – ഉടയോൻ കോണം റോഡ് കോൺക്രീറ്റിംഗ്<br>WC – RC/298836<br>കോൺട്രാക്ടർ –കെ. എസ്. നിസാറുദീൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,36,195/- | 6,724/-രൂപ |
| 4 | വേയ്ക്കൽ വാർഡ് – ആലും കുന്ന് പെരുങ്കല്ലി റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297524<br>കോൺട്രാക്ടർ –കെ. എസ്. നിസാറുദീൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,33,401/- | 6,669/-രൂപ |
| 5 | ഠൗൺ വാർഡ് – ഈന്തലിൽ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297437<br>കോൺട്രാക്ടർ –കെ. എസ്. നിസാറുദീൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,23,621/- | 6,473/-രൂപ |
| 6 | പുതുശേരി വാർഡ് – അമ്മണം കോട് നെട്ടയം റോഡ് കോൺക്രീറ്റിംഗ് | 6,473/-രൂപ |

| | | |
|---|---|---|
| | WC – RC/297428<br>കോൺട്രാക്ടർ –കെ.എസ്.നിസാറുദീൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹323621/-രൂപ | |
| 7 | ബംഗ്ലാംകുന്ന് വാർഡ് –<br>കൊടിക്കോണം കരുന്തലക്കോട് റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297522<br>കോൺട്രാക്ടർ –കെ. എസ്. നിസാറുദീൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,33,402/-രൂപ | 5,951/-രൂപ |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി – 15/17-12-21 .

1-15 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

അങ്കണവാടികളും ശിശുമന്ദിരങ്ങളും വഴി അനുപൂരക പോഷകാഹാര വിതരണം.

പ്രോജക്ട് നം. 8/21

ആകെ അടങ്കൽ - 27,90,680/-രൂപ

(13,17,680/-രൂപ – വികസന ഫണ്ട്,
8,00,000/-രൂപ – കേന്ദ്രാവിഷ്കൃത ഫണ്ട്,
2,73,000/-രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്,
2,00,000/-രൂപ – ബ്ലോക്ക് പഞ്ചായത്ത്,
2,00,000/-രൂപ - ജില്ലാ പഞ്ചായത്ത്)

ആകെ ചെലവ് – 23,89,855/-രൂപ

പ്രോജക്ട് നം. 55/21

ആകെ അടങ്കൽ - 3,00,000/-രൂപ

(2,00,000/-രൂപ – വികസന ഫണ്ട് എസ്.സി.പി,
1,00,000/-രൂപ – ജില്ലാ പഞ്ചായത്ത്)

ആകെ ചെലവ് -3,00,000/-രൂപ.

2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലേയും, ശിശുമന്ദിരങ്ങളിലേയും, 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് വിതരണം നടത്താനായി അമൃതം ന്യൂട്രിമിക്സ് പഞ്ചശ്രീ ആക്റ്റിവിറ്റി ഗ്രൂപ്പ് ചാത്തന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ന്യൂട്രിമിക്സ് സാമ്പിളുകൾ Food Testing ലാബിൽ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലാബ് റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലന്നും, ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കാം എന്നും അറിയിച്ചിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയ പരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3, തീയതി-10-12-21 .

1-16 വാടക ഈടാക്കിയിട്ടില്ല

നിലമേൽ ഗ്രാമ പഞ്ചായത്തിലെ 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഷോപ്പിഗ് കോംപ്ലക്സിലെ 12-ാം നമ്പർ കടമുറി ജില്ലാ സഹകരണ ബാങ്ക് പ്രവർത്തിക്കുന്നതിനായി 5,400/-രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ 12 മാസത്തെ വാടകയായ 64,800/-രൂപ (5400x12) ഈടാക്കിയിട്ടില്ല. വാടകക്കുടിശ്ശിക സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ നിലവിലുള്ള W.P.(C) നമ്പർ 35788/ 2019 കേസിന്റെ അന്തിമ വിധി ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക ഈടാക്കുന്നതാണ് എന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9 /15.12.2021 .

1-17 തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

സർക്കുലർ നമ്പർ 58725/എഫ്.എം3 2008/ തസ്വഭവ/26.5.2011 പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നിരിക്കെ ഈ പഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കുന്നതിനായി ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലും (അക്കൗണ്ട് നം. 450230101) കാനറാ ബാങ്കിലും (അക്കൗണ്ട് നം. 450210101 ) അക്കൗണ്ടുകൾ നിലനിർത്തുകയും രണ്ട് ബാങ്ക് അക്കൗണ്ടുകളിലേക്കും പണം നിക്ഷേപിക്കുന്നതായും കാണുന്നു.

RTGS/NEFT ഇടപാടുകൾ നടത്തുന്നതിന് ജില്ലാ സഹകരണ ബാങ്കിൽ കഴിയാത്ത സാഹചര്യത്തിലാണ് കാനറാ ബാങ്കിൽ പുതിയ അക്കൗണ്ട് ആരംഭിച്ചതെന്നും ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുടർന്നു വരുന്ന പഞ്ചായത്ത് കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തി ഒരു അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഒരു ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് ആയതു ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 4 /14.12.2021.

1-18 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1- സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കൈതോട് റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 2 | ബി.എസ്.എൻ.എൽ, നിലമേൽ | I , II |
| 3 | എച്ച്.പി.സി. ഡീലർ | I , II |

2. ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, നിലമേൽ | I , II |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു, എന്നിരിക്കെ മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18 /18-12-2021 .

1-19 BSNL മൊബൈൽ ടവറിൽ നിന്ന് കെട്ടിട നികുതി ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ രേഖപ്പെടുത്തലുകൾ പ്രകാരം 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിലെ കെട്ടിട നികുതി ഇനത്തിൽ (ബി.എസ്.എൻ.എൽ. ടവർ, വാർഡ്-6, കെട്ടിട നം. 417) 30,240/-രൂപ കുടിശ്ശികയായി നിലനില്ക്കുന്നു. നിയമാനുസൃത പലിശ ഉൾപ്പടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 12/15.12.2021 .

1-20 ബെയിലിംഗ് യൂണിറ്റ്(121/21), വാങ്ങിയ ഉപകരണം സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടില്ല, 5,01,001/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - ബെയിലിംഗ് യൂണിറ്റ് (121/21)
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ തുക -

| | |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,01,000/-രൂപ |
| മറ്റുള്ളവ | 2,20,000/-രൂപ |
| ആകെ | 7,21,000/-രൂപ |
| ചെലവ് | 5,01,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

പഞ്ചായത്ത് ബസ് സ്റ്റാൻഡിനു സമീപമുള്ള മിനി എം.സി.എഫിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി 02-3-2021 ലെ ബിൽ നം. 32 പ്രകാരം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ

എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 5,01,001/-രൂപ നൽകി. ടി സ്ഥാപനവുമായി 24-02-2021 ൽ 05/21 ആയി കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി ഉപകരണം മിനി എം.സി.എഫിൽ സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.-11, തീയതി 15-12-2021 ) ഉപകരണം മിനി എം.സി.എഫിൽ എത്തിച്ചിട്ടുണ്ടെന്നും, എന്നാൽ ഉപകരണം പ്രവർത്തനക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് കണക്ഷൻ നല്കുന്നതിനായി എം.സി.എഫിൽ എത്തിയപ്പോൾ അതിനുള്ളിലെ കേബിളുകളും ഉപകരണങ്ങളും, മോഷണം പോയതായി കണ്ടെന്നും, ആയതിനാൽ എം.സി.എഫ് വൈദ്യുതീകരിക്കുന്നതിനായി പ്രോജക്റ്റ് വച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും, ഉടൻ തന്നെ വൈദ്യുതീകരണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതാണെന്നും അറിയിച്ചു.

ബെയിലിംഗ് യൂണിറ്റിന്റെ വാറന്റി ഉപകരണം നൽകിയ തീയതി മുതൽ 1 വർഷം ആണ്. ഉപകരണം സ്ഥാപിക്കുന്നതിൽ താമസം നേരിടുന്നതു മൂലം വാറന്റി നഷ്ടപ്പെടുന്ന സ്ഥിതിയാണ്. വാങ്ങിയ ഉപകരണം നാളിതുവരെ സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടില്ലാത്തതിനാൽ ചെലവഴിച്ച 5,01,001/-രൂപ തടസ്സപ്പെടുത്തുന്നു. ഉപകരണം സ്ഥാപിച്ച് കമ്മീഷൻ ചെയ്ത് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 5,01,001/-രൂപ .

ഓഡിറ്റ് അന്വേഷണം നം. – 11, തീയതി 15-12-2021 .

<u>1-21 ബയോ ഗ്യാസ് പ്ലാന്റ് നവീകരണം (129/21), 50% തുക മുൻകൂറായി കൈപ്പറ്റിയിട്ടും, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - 3,25,000/-രൂപ തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ തുക – 6,50,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിലമേൽ ഗ്രാമ പഞ്ചായത്തിലെ പൊതു ചന്തയിൽ സ്ഥാപിച്ചിട്ടുള്ള ബയോ ഗ്യാസ് പ്ലാന്റ് പ്രവർത്തനം നിലച്ചതിനെത്തുടർന്ന് പുതിയ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഐ.ആർ.റ്റി.സി, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനം തയ്യാറാക്കിയിട്ടുള്ള 6,50,000/-രൂപയുടെ എസ്റ്റിമേറ്റിന് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 29-02-2020 ലെ 5(1) നം. തീരുമാനപ്രകാരം അംഗീകാരം നൽകി. തുടർന്ന് ശുചിത്വ മിഷന്റെ 24-09-2020 ലെ 1085/സി6/2013/എസ് എം29/06/2020 നമ്പർ കത്തു പ്രകാരം സാങ്കേതികാനുമതി ലഭിച്ചു. 22-02-2021 ൽ ഐ.ആർ.റ്റി.സി, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനവുമായി 04/21 ആയി കരാറിൽ ഏർപ്പെട്ടു. കരാറിലെ വ്യവസ്ഥ (3) പ്രകാരം കരാർ തുക 3 ഗഡുക്കളായി ഐ.ആർ.റ്റി.സി, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിനു നൽകുന്നതാണ്. മുൻകൂറായി 50% തുക നൽകുന്നതും, മുൻകൂറിന്റെ 50% ചെലവഴിച്ച് സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് അടുത്ത ഗഡു 25% തുക നൽകുന്നതും, പണി പൂർത്തീകരിച്ച ശേഷം അവസാന ഗഡു 25% തുക നൽകുന്നതുമാണ്.

വ്യവസ്ഥ (6) പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിനായി മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തെ സമയം അനുവദിക്കുന്നതാണ്.

19-03-2021 ലെ ബിൽ നം. 34 പ്രകാരം അടങ്കൽ തുകയുടെ 50% തുകയായ 3,25,000/-രൂപ പിൻവലിച്ച് ടി സ്ഥാപനത്തിനു നല്കിയിട്ടുണ്ട്.

ടി പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15, തീയതി 15-12-2021 ) പ്രതികൂല സാഹചര്യം മൂലം കരാർ പ്രകാരമുള്ള നിർമ്മാണ കാലാവധിയായ 3 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞിട്ടില്ലെന്നും, വീണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ടെന്നും മറുപടി നല്കി.

മുൻകൂറായി 50% തുക നൽകിയിട്ടും നാളിതുവരെ മുൻകൂർ കൈപ്പറ്റിയ തുകയുടെ പ്രവൃത്തി പോലും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഐ.ആർ.റ്റി.സി, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിന് മുൻകൂറായി നൽകിയ 3,25,000/-രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-3,25,000/-രൂപ .

ഓഡിറ്റ് അന്വേഷണം നം. – 15, തീയതി 15-12-2021 .

1-22 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 9,307/-രൂപാ സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തണം

സർക്കുലർ 59827/FM/07/ത.സ്വ.ഭ.വ. 30-10-2017 പ്രകാരം ടാർവീപ്പയുടെ വില, ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി) 177/06/ ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2019-20 സാമ്പത്തിക വർഷത്തിൽ ടാർ വീപ്പയുടെ വില (ജി.എസ്.ടി. ഉൾപ്പെടെ) കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | ടാർ വീപ്പയുടെ വില (₹) | ജി.എസ്.ടി. (₹) | ആകെ (₹) |
|---|---|---|---|---|
| 1 | മാറ്റാപ്പള്ളി കണ്ണങ്കോട് കൈതക്കുഴി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-14,57,000 /-രൂപ (സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം. – 13/20-21, 17-04-2020 | 7,887/- | 1,420/- | 9,307/- |

സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതും, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ടി തുക സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-23 മരാമത്ത് പ്രവൃത്തികളിൽ 13,137/- രൂപ അധികം പിൻവലിച്ചു

1) പ്രവൃത്തി - പാണയംകോണം കാരോട് കോളനിറോഡ് കോൺക്രീറ്റിംഗ്, സൈഡ് കെട്ട്.

അടങ്കൽ തുക-

| | |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,00,000/-രൂപ |
| വികസനഫണ്ട് (എസ്.സി.പി.) | 8,72,194/-രൂപ |
| തനതു ഫണ്ട് | 27,806/-രൂപ |
| ആകെ | 10,00,000/-രൂപ |

കരാറുകാരൻ- ശ്രീ. എസ് ഹാരീസ്.

കരാർ – 120/AE/LSGD/NML/19-20, 30-09-2019.

ടി പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ 3,74,606/-രൂപ 17-04-2020 ബിൽ നമ്പർ 1/20-21 പ്രകാരം പിൻവലിച്ചു. ഇതിൽ 9,365/-രൂപ 2.5% റീടെൻഷൻ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തു. എന്നാൽ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ റീടെൻഷൻ ഇനത്തിൽ പിടിച്ച തുക

ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നിന്നും നൽകാതെ വീണ്ടും അന്തിമബിൽ തുകയോട് കൂട്ടി വീണ്ടും ട്രഷറിയിൽ നിന്നും പിൻവലിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

ഒന്നാം ഭാഗികബിൽ

| | |
|---|---|
| പ്രവൃത്തി മൂല്യം | 3,74,606/-രൂപ |
| 12% ജി.എസ്.ടി. | 44,953/-രൂപ |
| ആകെ | 4,19,559/-രൂപ |

ഇതിൽ 9,365/-രൂപ 2.5% റീടെൻഷൻ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തു. അന്തിമബിൽ താഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി തുക പിൻവലിച്ചു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 6,66,355/-രൂപ |
| (-) ഒന്നാം ഭാഗിക ബിൽ | 3,74,606/-രൂപ |
| | 2,91,749/-രൂപ |
| 12% ജി.എസ്.ടി. | 35,010/-രൂപ |
| (+) റീടെൻഷൻ | 9,365/-രൂപ |
| ആകെ | 3,36,124/-രൂപ |

തുക ബിൽ നം. 20, 20-05-2020 പ്രകാരം പിൻവലിച്ചു. ഇതുമൂലം ടി പ്രവൃത്തിക്കായി 9,365/-രൂപ കൂടുതൽ പിൻവലിച്ചു.

2) പ്രവൃത്തി – മുരുക്കമൺ യു.പി.എസ്. കുന്നംപുറം റോഡ്.

അടങ്കൽ തുക – 2,50,000/-രൂപ.

കരാറുകാരൻ – ശ്രീ. വി ഗോപകുമാർ.

കരാർ-31/AE/LSGD/NML/18-19,08-11-2019.

ടി പ്രവൃത്തിയുടെ ഒന്നാം ഭാഗികബിൽ 1,68,990/-രൂപ 17-04-2021 ബിൽ നമ്പർ 8/20-21 പ്രകാരം പിൻവലിച്ചു. ഇതിൽ 3,237/-രൂപ 2.5% റീടെൻഷൻ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തു. എന്നാൽ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ റീടെൻഷൻ ഇനത്തിൽ പിടിച്ച തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നിന്നും നൽകാതെ വീണ്ടും അന്തിമബിൽ തുകയോട് കൂട്ടി വീണ്ടും ട്രഷറിയിൽ നിന്നും പിൻവലിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

ഒന്നാം ഭാഗികബിൽ

| | |
|---|---|
| പ്രവൃത്തി മൂല്യം | 1,54,121/-രൂപ |
| (-) ടെണ്ടർ കുറവ് 2.1% | 3,237/-രൂപ |
| (+) ജി.എസ്.ടി. | 18,106/-രൂപ |
| ആകെ | 1,68,990/-രൂപ |

ഇതിൽ 3,772/-രൂപ 2.5% റീടെൻഷൻ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തു. അന്തിമബിൽ താഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി തുക പിൻവലിച്ചു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 2,08,204/-രൂപ |
| (-) ടെണ്ടർ കുറവ് 2.1% | 4,372/-രൂപ |
| (-) ഒന്നാം ഭാഗിക ബിൽ | 1,50,884/-രൂപ |
| | 52,948/-രൂപ |

| | |
|---|---|
| 12% ജിഎസ് ടി | 6,353/-രൂപ |
| (+) റീടെൻഷൻ | 3,772/-രൂപ |
| ആകെ | 63,073/-രൂപ |

തുക ബിൽ നം. 14, 10-05-2020 പ്രകാരം പിൻവലിച്ചു. ഇതുമൂലം ടി പ്രവൃത്തിക്കായി 3,772/-രൂപ കൂടുതൽ പിൻവലിച്ചു. 2 പ്രവൃത്തികളിലായി അധികം പിൻവലിച്ച 13,137 രൂപാ തനതുഫണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-17, 17-12-2021 .

1-24 റീടെൻഷൻ ഇനത്തിൽ ഭാഗികബില്ലുകളിൽ നിന്നും കുറവ് വരുത്തി തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ കരാറുകാർക്ക് തിരികെ നൽകുന്നില്ല

താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ റീടെൻഷൻ ഇനത്തിൽ ഭാഗികബില്ലുകളിൽ നിന്നും കുറവ് വരുത്തി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ കരാറുകാർക്ക് തിരികെ നൽകിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | റീടെൻഷൻ തുക (₹) |
|---|---|---|
| 1 | കുഞ്ഞുവേലിക്കോണം, അമ്മണംകോട് മുരുക്കമൺ റോഡ് കോൺക്രീറ്റിംഗ്, പെരുമ്പിള്ളി റോഡ് എർത്ത് ഫില്ലിംഗ് | 10,123/- |
| 2 | വളയിടം കുഞ്ഞുവേലിക്കോണം റോഡ് | 8,270/- |
| 3 | കുര്യാണിക്കര വാര്യവീട് റോഡ് കലുങ്കും, പാർശ്വഭിത്തിയും | 7,669/- |
| 4 | മാർക്കറ്റ് നവീകരണം | 1,246/- |
| | ആകെ | 27,308/- |

തുകകൾ കരാറുകാർക്ക് തിരികെ നൽകാതിരിക്കുന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 17-12-2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17) തുക നൽകുന്നത് വിട്ടുപോയതാണെന്നും, ആയത് ഉടൻ നൽകുന്നതാണെന്നും മറുപടി നൽകി. തുക കരാറുകാർക്ക് നൽകി വിവരം അറിയിക്കേണ്ടതാണ്.

1-25 മാനവൽ രസീത് പ്രകാരം കെട്ടിട നികുതിയിനത്തിൽ പിരിച്ചെടുത്ത തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ മാനവൽ രസീത് ഉപയോഗിച്ച് കെട്ടിട നികുതി പിരിച്ചെടുത്തതിൽ 12053, 12054, 12056 (Page No 80-100), 12058, 12059, 12060, 12061 എന്നീ രസീതുകൾ പ്രകാരം കെട്ടിട നികുതി പിരിച്ചെടുത്ത് ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടുണ്ടെങ്കിലും മേൽ രസീതുകൾ പ്രകാരം പിരിച്ചെടുത്ത കെട്ടിടങ്ങളുടെ കെട്ടിട നികുതി ഒടുക്കിയത് സംബന്ധിച്ച പോസ്റ്റിംഗുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയിട്ടില്ല. അത് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഡിമാൻഡ് തുടർന്നും നിലനിൽക്കുന്നതിന് കാരണമാകുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ILGMS സോഫ്റ്റ്‌വെയർ മുഖാന്തിരം പോസ്റ്റിംഗ് നടത്തുമ്പോൾ ഉള്ള സാങ്കേതിക തകരാർ മൂലമാണ് മുകളിൽ പരാമർശിച്ചിരിക്കുന്ന രസീത് ബുക്കുകളുടെ പോസ്റ്റിംഗ് യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നതെന്നും ആയത് സംബന്ധിച്ച പരാതി IKM ന് സമർപ്പിച്ചിട്ടുണ്ടെന്നും IKM ന്റെ ഭാഗത്തുനിന്നും ടി തകരാറുകൾ പരിഹരിക്കുന്ന മുറയ്ക്ക് തന്നെ പോസ്റ്റിംഗ് പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി തകരാറുകൾ പരിഹരിക്കുന്ന മുറയ്ക്ക് നികുതി പിരിച്ചെടുത്ത കെട്ടിടങ്ങളുടെ കളക്ഷൻ വിവരങ്ങൾ അപാകത കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്ത് ഓഡിറ്റിൽ

പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/14.12.2021.

1-26 മാനുവൽ രസീത് പരിശോധന - സഞ്ചയ പോസ്റ്റിംഗിൽ ആവർത്തനം, വരവിനത്തിൽ നഷ്ടം

1) പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ മാനുവൽ രസീത് പരിശോധിച്ചതിൽ രസീതിലെ തുകയും സഞ്ചയയിലെ പോസ്റ്റിംഗുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Date | Manual Receipt | Ward/ Door | Amount As Per Receipt (₹) | Sanchaya Posting | | | Amount Posted In Sanchaya (₹) |
|---|---|---|---|---|---|---|---|
| | | | | 2020 Ist Half (₹) | 2020 IInd Half (₹) | Additional Entry (2020 IInd Half) (₹) | |
| 08/03/21 | 492/18 | X/394 | 346/- | 171/- | 170/- | 341/- | 682/- |
| 08/03/21 | 492/21 | X/699 | 1,229/- | 615/- | 614/- | 1,229/- | 2,458/- |
| 08/03/21 | 492/24 | X/188 | 1,336/- | 681/- | 680/- | 1,361/- | 2,722/- |
| 09/03/21 | 492/34 | VIII/373 | 28/- | 14/- | 14/- | 28/- | 56/- |
| 12/03/21 | 492/38 | X/181 | 415/- | 205/- | 205/- | 410/- | 820/- |
| 12/03/21 | 492/41 | X/184 | 1,253/- | 624/- | 624/- | 1,248/- | 2,496/- |
| 12/03/21 | 492/46 | X/747 | 932/- | 492/- | 490/- | 1,964/- | 2,946/- |
| 12/03/21 | 492/49 | X/644 | 515/- | 258/- | 257/- | 515/- | 1,030/- |
| 15/03/21 | 492/62 | X/138 | 66/- | 33/- | 33/- | 66/- | 132/- |
| 15/03/21 | 492/66 | X/803 | 564/- | 283/- | 281/- | 564/- | 1,128/- |
| സഞ്ചയയിൽ അഡീഷണൽ എൻട്രി പോസ്റ്റ് ചെയ്തുമൂലം കെട്ടിടത്തിന് നികുതിയിനത്തിൽ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം | | | | | | 7,726/- | |

മേൽ മാനുവൽ രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുകയിലും അധികമായ തുക സഞ്ചയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. അതായത് പിരിച്ചെടുത്ത രസീത് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി സഞ്ചയയിൽ കൃത്യമായി പോസ്റ്റ് ചെയ്തു കൂടാതെ 2020 IInd Half എന്ന് രേഖപ്പെടുത്തിയ ഒരു എൻട്രി മുഖേന അടുത്ത സാമ്പത്തിക വർഷത്തെ കെട്ടിട നികുതി അഡ്വാൻസ് തുകയായി ടി രസീതുകൾ പ്രകാരം തന്നെ പോസ്റ്റ് ചെയ്തിരിക്കുന്നതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽ കെട്ടിടങ്ങളുടെ നികുതി ഡിമാൻഡ് ഇല്ലാതാവുകയും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാനുവൽ രസീതുകൾ പ്രകാരം യഥാർത്ഥത്തിൽ കളക്ട് ചെയ്ത തുക തന്നെയാണ് ഫ്രണ്ട് ഓഫീസിൽ ഒടുക്ക് വരുത്തിയിട്ടുള്ളതെന്നും സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുള്ളതെന്നും, സോഫ്റ്റ്‌വെയർ തകരാർ കാരണമാണ് ടി തുക രണ്ടോ മൂന്നോ തവണ സഞ്ചയയിൽ അധികമായി പോസ്റ്റ് ചെയ്യപ്പെടുന്നതെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഈ തകരാർ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ഉടൻതന്നെ പരിഹരിക്കുന്നതാണെന്നും

അറിയിച്ചിരിക്കുന്നു.

2) 499 /22 നമ്പർ രസീത് പ്രകാരം അബ്ദുൽ മനാഫ് റാഹില, മുളയ്ക്കോണം, ശാസ്താക്കോണത്ത് വീട്, നിലമേൽ എന്നയാളിൽ നിന്നും 08/03/2021 ൽ X/186 നമ്പർ കെട്ടിടത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ നികുതിയായ 686/-രൂപ പിരിച്ചെടുത്തിട്ടുണ്ട് (681/-രൂപ(BT+LC)+5/-രൂപ Notice Fees). എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയ പോസ്റ്റിംഗ് പരിശോധിച്ചതിൽ 18/3/2021 ൽ 120030103904-ാം നമ്പർ രസീത് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിലെ കെട്ടിട നികുതി ആയ 686/- രൂപ (681/-രൂപ(BT+LC)+5/-രൂപ NoticeFees) ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. 492/22 നമ്പർ രസീത് പ്രകാരം പിരിച്ചെടുത്ത തുക ടിയാളുടെ തന്നെ X/187 നമ്പർ കെട്ടിടത്തിന് 2020 II$^{nd}$ Half എന്ന് രേഖപ്പെടുത്തിയ ഒരു എൻട്രി മുഖേന 1,362/-രൂപയായി (മാനുവൽ രസീത് പ്രകാരം 686/-രൂപ മാത്രമേ പിരിച്ചിട്ടുള്ളു) പോസ്റ്റ് ചെയ്തിരിക്കുന്നു. എന്നാൽ 499/23 രസീത് പ്രകാരം 08/03/2021 തന്നെ X/187 നമ്പർ കെട്ടിടത്തിന്റെ നികുതിയായ 686/-രൂപ (681/-രൂപ(BT+LC)+5/-രൂപ Notice Fees) കൃത്യതയോടെയും പോസ്റ്റ് ചെയ്തിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

10/186 കെട്ടിടത്തിന്റെ നികുതി ഫ്രണ്ട് ഓഫീസിൽ അടച്ചത് മൂലം സഞ്ചയ പോസ്റ്റ് ചെയ്യാൻ ഡിമാൻഡ് ലഭിക്കാതെ വന്ന കാരണത്താലാണ് ടിയാളുടെ തന്നെ ഉടമസ്ഥതയിലുള്ള 10/ 187 നമ്പർ കെട്ടിടത്തിന് നികുതി പോസ്റ്റ് ചെയ്തത്. എന്നാൽ ഇരട്ടി തുകയായി പോസ്റ്റ് ചെയ്യാൻ കാരണം സോഫ്റ്റ്‌വെയർ അപാകത മൂലമാണെന്നെ മറുപടിയിൽ പറഞ്ഞിരിക്കുന്നു. 1,362/- രൂപ കെട്ടിട നികുതി അഡ്വാൻസ് തുകയായി പോസ്റ്റ് ചെയ്തതുമൂലം 2022-23 സാമ്പത്തിക വർഷത്തെ നികുതി ഡിമാൻഡ് ഇല്ലാതാവുകയും 681/- രൂപ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്തിരിക്കുന്നു.

മേൽ വീഴ്ചകൾ കൃത്യസമയത്ത് അധികൃതരുടെ ശ്രദ്ധയിൽ പെടാത്തത് പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നു. ആയത് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലും മേൽനോട്ടത്തിലും ഉണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 3 /15.12.2021

വരവിനത്തിലുള്ള നഷ്ടം - 8,407/-രൂപ (7,726/-+681/-)

1-27 ഇൻവേഡ് രസീതുകളുടെ സ്റ്റോക്കിൽ കുറവ്.

ഓഡിറ്റ് ഭാഗമായി നടത്തിയ സ്റ്റോക്ക് വെരിഫിക്കേഷനിൽ ഇൻവേഡ് രസീതുകളുടെ പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 90501 മുതൽ 99000 വരെയുള്ള ഇൻവേഡ് രസീതുകൾ സ്റ്റോക്കിൽ ഉണ്ടാകണമെന്നിരിക്കെ 90556 മുതൽ 99000 വരെയുള്ള ഇൻവേഡ് രസീതുകൾ മാത്രമേ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞുള്ളൂ. 06/09/2021 മുതൽ ILGMS നിലവിൽ വന്നതിനാൽ നിലവിൽ ഈ രസീതുകൾ ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്നില്ല. 90501 മുതൽ 90556 വരെയുള്ള ഇൻവേഡ് രസീതുകൾ സ്റ്റോക്കിൽ കുറവുവന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 തെരുവ് വിളക്കിന്റെ ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ മൂലം 1,62,428/-രൂപാ തടസ്സപ്പെടുത്തുന്നു

1) പ്രോജക്റ്റ് - തെരുവ് വിളക്ക് വാങ്ങലും അറ്റകുറ്റപ്പണിയും (161/21)

അടങ്കൽ തുക-

| | |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,70,645/-രൂപ |
| തനത് ഫണ്ട് | 50,000/-രൂപ |
| ആകെ | 3,20,645/-രൂപ |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ വേൾഡ്, അട്ടക്കുളങ്ങര, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 16-09-2020 ലെ ഇൻവോയിസ് നം. CW/GHMTR /20.01..0023 പ്രകാരം 600 എണ്ണം, 18 വാട്ട്സ് എൽ.ഇ.ഡി. ബൾബുകളും, 06-11-20 ലെ ഇൻവോയിസ് CWLM/20.0028 പ്രകാരം 400 എണ്ണം 18 വാട്ട്സ് എൽ.ഇ.ഡി. ബൾബുകളും വാങ്ങി. ടി ബൾബുകൾക്ക് 2 വർഷകാലത്തേയ്ക്ക് Replacement Warranty ഉണ്ട്. ഒരു ബൾബിന് 189.4 രൂപാ ക്രമത്തിലാണ് വാങ്ങിയിട്ടുള്ളത്.

2) പ്രോജക്ട് - എൽ.ഇ.ഡി. തെരുവ് വിളക്ക് വാങ്ങൽ (218/21).

അടങ്കൽ തുക- ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 1,71,854/-രൂപ.

യുണൈറ്റഡ് ഇലക്ട്രിക്കൽസ്, പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിന്റെ 25-02-2021 ലെ ഇൻവോയിസ് നം. 807 പ്രകാരം 506 എണ്ണം 23 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ ഒന്നിന് 321/-രൂപ ക്രമം വാങ്ങി. (ബിൽ നം. 31, തീ. 09-03-21, തുക-1,62,428/-രൂപ).

I) പ്രോജക്ട്-I തെരുവ് വിളക്ക് വാങ്ങലും അറ്റകുറ്റപ്പണിയും (161/21) എന്ന പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ള 1000 എൽ.ഇ.ഡി. ബൾബുകൾക്ക് 2022 സെപ്റ്റംബർ മാസം വരെ Replacement Warranty ഉണ്ടായിരിക്കെ ഉയർന്ന വില നൽകി വീണ്ടും എൽ.ഇ.ഡി. ബൾബുകൾ വാങ്ങിയിരിക്കുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടും, തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും 17-12-2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14) 1000 ബൾബുകൾ മാറ്റി സ്ഥാപിച്ചു കഴിഞ്ഞിട്ടും മുൻവർഷങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വാറന്റി കാലാവധി കഴിഞ്ഞ ബൾബുകൾ മാറ്റി സ്ഥാപിക്കുവാൻ ഉണ്ടായിരുന്നതു കൊണ്ടാണ് പ്രോജക്ട് എൽ.ഇ.ഡി. തെരുവ് വിളക്ക് വാങ്ങൽ (218/21) പ്രകാരം 506 പുതിയ എൽ.ഇ.ഡി. ബൾബുകൾ വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കി.

മറുപടി സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എൽ.ഇ.ഡി. തെരുവ് വിളക്ക് വാങ്ങൽ (218/21) പ്രോജക്ട് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ്, പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിന്റെ 25-02-2021 ലെ ഇൻവോയിസ് നം. 807 പ്രകാരം വാങ്ങിയിട്ടുള്ള 506 എൽ.ഇ.ഡി. ബൾബുകളുടെ വിലയായ 1,62,428/-രൂപ (ബിൽ നം. 31, തീ. 09-03-21) തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ വാങ്ങുന്ന ഇലക്ട്രിക്ക് ഉപകരണങ്ങളുടെ വാറന്റി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

തടസ്സപ്പെടുത്തിയ തുക – 1,62,428/-രൂപ .

ഓഡിറ്റ് അന്വേഷണം നം. – 14, തീ. 17-12-2021 .

1-29 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക - 1,36,127.6 രൂപ

ഇ-ടെണ്ടർ ചെയ്യപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില 2019-20 സാമ്പത്തിക വർഷം മുതൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്.ബി.ഐ. നിലമേൽ ശാഖയിലെ 67055131170 നമ്പർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ 30-11-2021

വരെ ഇ-ടെണ്ടർ ഫാറവില ഇനത്തിലെ ആകെ തുക 2,65,305/-രൂപായാണ്. എന്നാൽ ഇതിൽ 2,58,153/-രൂപ മാത്രമേ ടി അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളൂ. 7,152/-രൂപ ക്രഡിറ്റ് ആയിട്ടില്ല. ടി തുക ക്രെഡിറ്റ് ആകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി അക്കൗണ്ടിലെ 30-11-2021 വരെ ടെണ്ടർ ഫാറവില ഇനത്തിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുകയായ 2,58,153/-രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 30-11-2021 ൽ ടി അക്കൗണ്ടിൽ 1,36,127.6 രൂപ നീക്കിയിരുപ്പുണ്ട്. ഇതിൽ സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തുവാനുള്ള തുക എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഒടുക്കു വരുത്തിയതിനു ശേഷം അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20-12-21 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. - 20/20.12.2021

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മാനുവൽ രസീത് പരിശോധന - സഞ്ചയ പോസ്റ്റിംഗിൽ ആവർത്തനം, വരവിനത്തിൽ നഷ്ടം

1) പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ മാനുവൽ രസീത് പരിശോധിച്ചതിൽ രസീതിലെ തുകയും സഞ്ചയയിലെ പോസ്റ്റിംഗുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Date | Manual Receipt | Ward/ Door | Amount As Per Receipt (₹) | Sanchaya Posting | | | Amount Posted In Sanchaya (₹) |
|---|---|---|---|---|---|---|---|
| | | | | 2020 Ist Half (₹) | 2020 IInd Half (₹) | Additional Entry (2020 IInd Half) (₹) | |
| 08/03/21 | 492/18 | X/394 | 346/- | 171/- | 170/- | 341/- | 682/- |
| 08/03/21 | 492/21 | X/699 | 1,229/- | 615/- | 614/- | 1,229/- | 2,458/- |
| 08/03/21 | 492/24 | X/188 | 1,336/- | 681/- | 680/- | 1,361/- | 2,722/- |
| 09/03/21 | 492/34 | VIII/373 | 28/- | 14/- | 14/- | 28/- | 56/- |
| 12/03/21 | 492/38 | X/181 | 415/- | 205/- | 205/- | 410/- | 820/- |
| 12/03/21 | 492/41 | X/184 | 1,253/- | 624/- | 624/- | 1,248/- | 2,496/- |
| 12/03/21 | 492/46 | X/747 | 932/- | 492/- | 490/- | 1,964/- | 2,946/- |
| 12/03/21 | 492/49 | X/644 | 515/- | 258/- | 257/- | 515/- | 1,030/- |
| 15/03/21 | 492/62 | X/138 | 66/- | 33/- | 33/- | 66/- | 132/- |
| 15/03/21 | 492/66 | X/803 | 564/- | 283/- | 281/- | 564/- | 1,128/- |
| സഞ്ചയയിൽ അധീഷണൽ എൻട്രി പോസ്റ്റ് ചെയ്തതുമൂലം കെട്ടിടത്തിന് നികുതിയിനത്തിൽ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം | | | | | | 7,726/- | |

മേൽ മാനുവൽ രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുകയിലും അധികമായ തുക

സഞ്ചയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. അതായത് പിരിച്ചെടുത്ത രസീത് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി സഞ്ചയയിൽ കൃത്യമായി പോസ്റ്റ് ചെയ്തു കൂടാതെ 2020 II[nd] Half എന്ന് രേഖപ്പെടുത്തിയ ഒരു എൻട്രി മുഖേന അടുത്ത സാമ്പത്തിക വർഷത്തെ കെട്ടിട നികുതി അഡ്വാൻസ് തുകയായി ടി രസീതുകൾ പ്രകാരം തന്നെ പോസ്റ്റ് ചെയ്തിരിക്കുന്നതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽ കെട്ടിടങ്ങളുടെ നികുതി ഡിമാൻഡ് ഇല്ലാതാവുകയും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാനവൽ രസീതുകൾ പ്രകാരം യഥാർത്ഥത്തിൽ കളക്ട് ചെയ്ത തുക തന്നെയാണ് ഫ്രണ്ട് ഓഫീസിൽ ഒടുക്ക് വരുത്തിയിട്ടുള്ളതെന്നും സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുള്ളതെന്നും, സോഫ്റ്റ്‌വെയർ തകരാർ കാരണമാണ് ടി തുക രണ്ടോ മൂന്നോ തവണ സഞ്ചയയിൽ അധികമായി പോസ്റ്റ് ചെയ്യപ്പെടുന്നതെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഈ തകരാർ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ഉടൻതന്നെ പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

2) 499 /22 നമ്പർ രസീത് പ്രകാരം അബ്ദുൽ മനാഫ് റാഹില, മുളയ്ക്കോണം, ശാസ്താക്കോണത്ത് വീട്, നിലമേൽ എന്നയാളിൽ നിന്നും 08/03/2021 ൽ X/186 നമ്പർ കെട്ടിടത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ നികുതിയായ 686/-രൂപ പിരിച്ചെടുത്തിട്ടുണ്ട് (681/-രൂപ(BT+LC)+5/-രൂപ Notice Fees). എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയ പോസ്റ്റിംഗ് പരിശോധിച്ചതിൽ 18/3/2021 ൽ 120030103904-ാം നമ്പർ രസീത് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിലെ കെട്ടിട നികുതി ആയ 686/- രൂപ (681/-രൂപ(BT+LC)+5/-രൂപ NoticeFees) ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. 492/22 നമ്പർ രസീത് പ്രകാരം പിരിച്ചെടുത്ത തുക ടിയാളുടെ തന്നെ X/187 നമ്പർ കെട്ടിടത്തിന് 2020 II[nd] Half എന്ന് രേഖപ്പെടുത്തിയ ഒരു എൻട്രി മുഖേന 1,362/- രൂപയായി (മാനവൽ രസീത് പ്രകാരം 686/-രൂപ മാത്രമേ പിരിച്ചിട്ടുള്ളൂ) പോസ്റ്റ് ചെയ്തിരിക്കുന്നു. എന്നാൽ 499/23 രസീത് പ്രകാരം 08/03/2021 തന്നെ X/187 നമ്പർ കെട്ടിടത്തിന്റെ നികുതിയായ 686/-രൂപ (681/-രൂപ(BT+LC)+5/-രൂപ Notice Fees) കൃത്യതയോടെയും പോസ്റ്റ് ചെയ്തിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

10/186 കെട്ടിടത്തിന്റെ നികുതി ഫ്രണ്ട് ഓഫീസിൽ അടച്ചത് മൂലം സഞ്ചയ പോസ്റ്റ് ചെയ്യാൻ ഡിമാൻഡ് ലഭിക്കാതെ വന്ന കാരണത്താലാണ് ടിയാളുടെ തന്നെ ഉടമസ്ഥതയിലുള്ള 10/ 187 നമ്പർ കെട്ടിടത്തിന് നികുതി പോസ്റ്റ് ചെയ്തത്. എന്നാൽ ഇരട്ടി തുകയായി പോസ്റ്റ് ചെയ്യാൻ കാരണം സോഫ്റ്റ്‌വെയർ അപാകത മൂലമാണെന്നെ മറുപടിയിൽ പറഞ്ഞിരിക്കുന്നു. 1,362/- രൂപ കെട്ടിട നികുതി അഡ്വാൻസ് തുകയായി പോസ്റ്റ് ചെയ്തുമൂലം 2022-23 സാമ്പത്തിക വർഷത്തെ നികുതി ഡിമാൻഡ് ഇല്ലാതാവുകയും 681/- രൂപ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്തിരിക്കുന്നു.

മേൽ വീഴ്ചകൾ കൃത്യസമയത്ത് അധികൃതരുടെ ശ്രദ്ധയിൽ പെടാത്തത് പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നു. ആയത് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലും മേൽനോട്ടത്തിലും ഉണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 3 /15.12.2021

വരവിനത്തിലുള്ള നഷ്ടം - 8,407/-രൂപ (7,726/-+681/-)

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 08/12/2021 &09/12/2021 | കെ.എസ്.എ.കെ.എൽ.എം.പി3/1774/21 തീയതി 30/06/2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 50,000/- | അനുപൂരക പോഷകാഹാര പരിപാടി | 50,000/- | 0 |
| | | 9,700/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 9,700/- | 0 |
| | | 18,00,000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി.പി.) | 18,00,000/- | 0 |
| | | 1,92,132/- | പാലിന് സബ്സിഡി | 1,92,132/- | 0 |
| | | 1,00,000/- | അനുപൂരക പോഷകാഹാര പരിപാടി (എസ്.സി.) | 1,00,000/- | 0 |
| | | 16,000/- | തരിശ് നെൽകൃഷി | 16,000/- | 0 |
| | | 40,00,000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ ) | 40,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000/- | 0 |
| | | 40,000/- | ലൈഫ് എസ്.സി. | 40,000/- | 0 |
| | | 1,02,000/- | സമഗ്ര നെൽകൃഷി | 1,02,000/- | 0 |
| | | 10,64,852/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 10,64,852/- | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22001157 | 174454/- | 0 | 174454/- |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22000760 | 24288/- | 0 | 24288/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 52,80,000/-രൂപ വരവുണ്ട്. മുൻബാക്കി 0/-രൂപയടക്കം 52,80,000/-രൂപയിൽ തുക ഒന്നും വിനിയോഗിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക ₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. ലോൺ | സ.ഉ.(എം.എസ്)നം. 68/2018 /തസ്വഭവ തീയതി 18.05.18 | 52,80,000/- | 62,99,412/- | 6,58,706/- | 0 | 1,09,20,706/- |

.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,88,520/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 50,161/-രൂപ |
| ആകെ | 6,38,681/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,38,681/-രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |
| 2014-15 | 2(3) | 2016-17 | അനുബന്ധം-3 | വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെട്ടു | |
| 2015-16 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |
| 2015-16 | 3-6 | 2016-17 | 4-3-2(ii) | ക്യാരിബാഗ് നിർമ്മാണ പദ്ധതി | |
| 2008-09 | 3-6 | 2011-12 | 4.5 | ഖരമാലിന്യ സംസ്കരണ പ്ലാന്റ്-ആസൂത്രണത്തിൽ പിഴവ്. | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8,407/- | | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,98,742/- | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി |
| 1-13 | 4,14,000/- | ശ്രീ. മനോജ് ജി, വെറ്റിനറി സർജൻ |
| 1-20 | 5,01,001/- | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി |
| 1-21 | 3,25,000/- | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി |
| 1-28 | 1,62,428/- | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 45,441/- | ശ്രീ. ഷമീർ എ എച്ച്, അക്രഡിറ്റഡ് എഞ്ചിനീയർ |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി | സെക്രട്ടറി, നിലമേൽ | വൈശാഖം , അർക്കന്നൂർ പി ഒ, ആയൂർ |
| ശ്രീ. മനോജ് ജി, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പെൻസറി, നിലമേൽ | കേദാരം, വെളിനല്ലൂർ, ഓയൂർ പി ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(2), 12-03-18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.-പി 3-766/20, 17-07-20 | 6 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(3), 12-03-18 | 7 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(4), 12-03-18 | 2 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(4), 12-03-18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(5), 12-03-18 | 8 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(6), 12-03-18 | 19 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.ക്യൂ.പി6-1278(12)/14, 17-06-2014 | 12 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1278(13)/14, 17-06-2014 | 18 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1278(14)/14, 17-06-2014 | 7 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1278(15)/14, 17-06-2014 | 18 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1278(16)/14, 17-06-2014 | 20 |
| 2011-12 | എൽ.എഫ്.ക്യൂ.പി6-1885/2015/, 05-06-2015 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യൂ.പി6-1222/15, 13-11-2015 | 14 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.-പി6-1142/16, 21-7-16 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.-പി3/384/18, 04-04-18 | 16 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.-പി3-1005/21, 18-04-22 | 09 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി-3/395/21, 03.04.21 | 05 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി-3/1544/19, 29.12.20 | 21 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി-3/1773/21, 12.04.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## അനുബന്ധം 3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.